പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.333 | 25.04.2017 ൽ മറുപടിയ്ക്ക്

ഭക്ഷ്യ ധാന്യങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ഗുണനിലവാരം പരിശോധിക്കുന്നതിനും നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) ഭക്ഷ്യ ധാന്യങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെ നേരിടാൻ ശക്തമായ വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി നടപ്പാക്കി വരുന്നു. സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾക്കുപുറമേ ഒ.എം.എസ്.എസ്. പുഴക്കലരി, പച്ചരി, ആന്ധ്ര ഇതര അരി എന്നിവയും വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുന്നു.<br><br>സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ 'ശബരി' ബ്രാൻഡിൽ ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വിലക്കുറവിൽ വിറ്റു വരുന്നു. കൂടാതെ അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും, വില വർദ്ധനവ് തടയുന്നതിനുമായി വിവിധ ജില്ലകളിൽ അരിക്കട ഫെയറുകൾ ആരംഭിച്ചിട്ടുണ്ട്. |

(ബി) സിവിൽ സപ്ലൈസ് സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെങ്കിലും പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

(ബി) സപ്ലൈകോയുടെ ഓരോ ഡിപ്പോകളിലും എത്തുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി പരിശോധിച്ച് ഉറപ്പ വരുത്തുന്നുണ്ട്. ഇ-ടെണ്ടർ വഴി വാങ്ങുന്ന ഭക്ഷ്യധാന്യങ്ങൾ ഗുണനിലവാര പരിശോധനയ്ക്ക് ശേഷമാണ് വില്പനശാലകളിലൂടെ ലഭ്യമാക്കുന്നത്. വിവിധ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തു വാൻ യഥാസമയം കോന്നിയിലുള്ള സി.എഫ്.ആർ.ഡി. ലാബിലും, റീജിയണൽ അനലിറ്റിക്കൽ ലാബിലും സാമ്പിളുകൾ പരിശോധന നടത്തുന്നുണ്ട്. പാക്കറ്റ് ഭക്ഷ്യവസ്തുക്കൾക്ക് എച്ച്.എ.സി.സി.പി, ഐ.എസ്.ഒ 22000, അഗ്മാർക്ക്, എഫ്.എസ്.എസ്.എ.ഐ. എന്നീ ഗുണമേൻമ നിർബന്ധമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ